(ബി) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) ഏറ്റവും ഗതാഗതക്കുരുക്കുള്ള നഗരങ്ങളിലെ ബൈപ്പാസുകൾക്ക് മുൻഗണന നൽകുമോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പുതുതായി ഏതെല്ലാം ബൈപ്പാസുകളുടെ പണി തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) തലശ്ശേരി-മാഹി ബൈപാസ്, കോഴിക്കോട് ബൈപാസ്, കൊടുങ്ങല്ലൂർ ബൈപാസ് എന്നിവയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) ഏറ്റവും ഗതാഗതക്കുരുക്കുള്ള നഗരങ്ങൾക്ക് മുൻഗണന നൽകിയാണ് പദ്ധതി തയ്യാറാക്കി കേന്ദ്രാനുമതിക്ക് സമർപ്പിച്ചിട്ടുള്ളത്.

(ഡി) കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കി അവയുടെ പണികൾ ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

കാരുണ്യ ഹൗസിംഗ് സ്കീം

*15 [478] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, ടി. കെ. ബാലൻ:

,, വി. ചെന്താമരാക്ഷൻ:

,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച കാരുണ്യ ഹൗസിംഗ് സ്കീമിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് എത്ര കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാർ പ്രഖ്യാപിച്ച കാരുണ്യ ഹൗസിംഗ് സ്കീം അനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് മാതാ അമൃതാനന്ദമയി ചാരിറ്റബിൾ ട്രസ്റ്റ് മുന്നോട്ട് വന്നിട്ടുണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി, സർക്കാർ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് 5000 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് അവർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ആദ്യപടിയായി എറണാകുളം ജില്ലയിൽ 100 വീടുകളുടെ പണി അമൃതകുടീരം സ്കീമിന്റെ ഭാഗമായി നടപ്പിലാക്കുന്നതിലേയ്ക്കായി പള്ളുരുത്തി വില്ലേജിൽ 2 ഏക്കർ ഭൂമി ജില്ലാ കളക്ടർ കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി സൗജന്യമായി ഭവന നിർമ്മാണ ബോർഡിന് അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മറ്റു ജില്ലകളിലും അനുയോജ്യമായ ഭൂമി (50 സെന്റ് മുതൽ 5 ഏക്കർ വരെ വിസ്തീർണ്ണമുള്ളവ) കണ്ടെത്തി ബോർഡിന് നൽകണമെന്ന് എല്ലാ ജില്ലാ കളക്ടർമാരോടും ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയനുസരിച്ച് ഗുണഭോക്തൃ കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടില്ല.

(സി) അതാത് ജില്ലാ കളക്ടറും, ബന്ധപ്പെട്ട ഏജൻസിയുടേയും ഭവന നിർമ്മാണ ബോർഡിന്റെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു ഉന്നതതല കമ്മിറ്റിയായിരിക്കും ഈ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ അലോട്ട്മെന്റിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത്. അതനുസരിച്ച് അതാത് ഏജൻസിയുടേയും ഭവന നിർമ്മാണ ബോർഡിന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയായിരിക്കും ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത്.

(ഡി) സർക്കാർ ഭൂമി ലഭ്യമാകുന്നതനുസരിച്ച് സർക്കാർ ഇതര സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവ സൗജന്യമായി വീട് നിർമ്മിച്ച് നൽകുവാൻ തയ്യാറാകുന്ന പക്ഷം ഇക്കാര്യം പരിശോധിയ്ക്കാവുന്നതാണ്.

പാഠപുസ്തക അച്ചടിക്ക് സ്ഥിരം സംവിധാനം

*16 [479] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങൾ എത്തിക്കാൻ കാലതാമസം ഉണ്ടാകുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly